**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4168**
**2018 ഡിസംബർ 13 (വ്യാഴം)-നുള്ള മറുപടി**

<u>സർക്കാർ ഉദ്യോഗസ്ഥരുടെ ഭവന വായ്പ</u>

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ഭവന വായ്പ നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളിലൂടെ നടപ്പിലാക്കുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | 05/07/2018-ലെ സ.ഉ.(അച്ചടി)നം.105/2018/ധന, 11/09/2018-ലെ സ.ഉ.(അച്ചടി)നം.143/2018/ധന ഉത്തരവുകൾ പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, LIC HFL, DHFL തുടങ്ങിയ നോൺ ബാങ്കിങ് ഫിനാൻസ് കോർപ്പറേഷനുകൾ എന്നിവയിൽ നിന്ന് സർക്കാർ ജീവനക്കാർക്ക് ഭവന വായ്പ എടുക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതിന് ധനകാര്യവകുപ്പ് NOC-യും സബ്സിഡിയും നൽകുന്നതും ഒരു ഡെഡിക്കേറ്റഡ് സോഫ്റ്റ് വെയറിലൂടെയാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പദ്ധതിയ്ക്ക് വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണ ഘട്ടത്തിലാണുള്ളത്. |
| (ബി) | സർക്കാർ ഉത്തരവ് 91/2017/Fin dtd.17.07.2017 പ്രകാരം മരണപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥന്റെ അഞ്ച് ലക്ഷം വരെയുള്ള ഭവന വായ്പ എഴുതിത്തള്ളുന്നത് പുതിയ അപേക്ഷകൾക്കും ബാധകമാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | ജീവനക്കാർക്ക് സർക്കാരിൽ (മറ്റ് സർക്കാരിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നുമുള്ള വായ്പകളും ഉൾപ്പെടുന്നതാണ്) നിന്നെടുത്ത ഭവന വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശ രഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ എന്നിവയാണ് 17/07/2017-ലെ സ.ഉ.(പി)നം.91/17/ധന നമ്പർ പ്രകാരം (5 ലക്ഷം വരെയുള്ള ബാധ്യതകൾ) എഴുതിത്തള്ളുന്നത്. പരിഷ്കരിച്ച ഭവന വായ്പ പദ്ധതി പ്രകാരം വായ്പ നൽകുന്നത് സർക്കാർ അല്ലാത്തതിനാൽ ഇത്തരത്തിലുള്ള ഭവന വായ്പ ഇപ്പോൾ ടി ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല. നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ഈ ആനുകൂല്യം തുടർന്നും ലഭിക്കുന്ന കാര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ മരണപ്പെട്ട ജീവനക്കാരന്റെ ഭവന വായ്പ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ